LIBRARY ARCHIVES Kerala Legislative Assembly

കയർ കോർപ്പറേഷനിലെ നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾ

223 (608) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കോർപ്പറേഷനിലെ നിയമനങ്ങൾക്കായി സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ സ്പെഷ്യൽ റൂൾസിന് സമാനമായ സർവ്വീസ് റൂൾ നിലവിലുണ്ട്. കമ്പനിയിലെ വിവിധ തസ്തികകളെ സംബന്ധിച്ചും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റൂൾസ് അനുസരിച്ച് 2002 മുതൽ 14 തസ്തികകളിലെ നിയമനം പി.എസ്.സി മുഖേനയാണ് നടത്തിവരുന്നത്. മേൽ പരാമർശിച്ച റൂൾസിൽ കാലോചിതമായ പരിഷ്കരണം ആവശ്യമാണെന്ന് ബോദ്ധ്യമായതിനെ തുടർന്ന് നിലവിലെ സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ സ്പെഷ്യൽ റൂൾസിന്റെ കരട് തയ്യാറാക്കുകയും ആയത് ഡയറക്ടർ ബോർഡ് അംഗീകാരത്തോടുകൂടി യൂണിയനുകളുമായി ചർച്ച ചെയ്ത് സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷൻ സ്വീകരിച്ചുവരികയുമാണ്.

(ബി) സ്പെഷ്യൽ റൂൾ തയ്യാറാകാത്തതിനാൽ കമ്പനിയിൽ അനധികൃത നിയമനങ്ങൾ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര തുടർ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ

224 (609) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോയെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽ നിന്നും പ്രാരംഭഘട്ടമായി 6 ജില്ലകളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.